Break the Chain

UNIVERSITY OF KERALA

Thiruvananthapuram, Kerala, India - 695034

(Established as University of Travancore by the Travancore University Act in1937 and reconstituted as University of Kerala by the Kerala University Act of 1957 and presently governed by the Kerala University Act of 1974 passed by the Kerala State Legislative Assembly)

(Re-accredited by NAAC with 'A' Grade)

നം. എ.ഡി .എ 5.03/6936/ 2021 — തീയതി :26.08.2021

## പരിപത്രം

**വിഷയം: - കോവിഡ് 19 വ്യാപനം തടയുന്നതിനുള്ള മുൻകരുതൽ നിർദ്ദേശങ്ങൾ-- സംബന്ധിച്ച്.**

കോവിഡ് 19 തുടർ വ്യാപനം തടയാനും ശുചിത്വം ഉറപ്പാക്കുവാനും താഴെ പറയുന്ന കാര്യങ്ങൾ വകുപ്പ് മേധാവികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

1. യോഗങ്ങൾ(Meeting) കഴിയുന്നതും വീഡിയോ കോൺഫറൻസ് വഴി നടത്തേണ്ടതാണ്. വളരെ അത്യാവശ്യഘട്ടങ്ങളിൽ മാത്രം കൃത്യമായ സാമൂഹിക അകലം പാലിച്ചു അവശ്യം വേണ്ട ജീവനക്കാരെ മാത്രം പങ്കെടുപ്പിച്ച് യോഗങ്ങൾ നടത്തേണ്ടതാണ്.

2. ജീവനക്കാർ ഓഫീസ് വരാന്തകളിലോ മറ്റ് പൊതു ഇടങ്ങളിലോ കൂട്ടം കൂടി നിൽക്കുന്നതും കൂട്ടം കൂടിയിരുന്ന് ഭക്ഷണം കഴിക്കുന്നതും ഒഴിവാക്കേണ്ടതാണ്.

3. ഫയലുകളുമായി ഒരു ഓഫീസിൽനിന്നും മറ്റ് ഓഫീസുകളിലേക്കു പോകുന്നവർ ഫയൽ കൈമാറിയതിനുശേഷം കൈകൾ സാനിറ്റൈസർ ഉപയോഗിച്ച് ശുചിയാക്കേണ്ടതാണ്.

4. കാന്റീനിൽ സാമൂഹിക അകലം പാലിക്കേണ്ടതും മാസ്ക്ക് ധരിക്കേണ്ടതും സാനിറ്റൈസർ ഉപയോഗിക്കേണ്ടതുമാണ് . കൂടാതെ മേശ , കസേര എന്നിവ സോപ്പ് ലായനി ഉപയോഗിച്ച് വൃത്തിയാക്കേണ്ടതാണ്.

5. സ്റ്റാറ്റ്യൂട്ടറി ഓഫീസേഴ്സിനെ സന്ദർശിക്കാൻ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. സെക്ഷനുകളിലേക്ക് സന്ദർശകർ കയറുന്നത് ഒഴിവാക്കേണ്ടതാണ്.

6. Fees Counter/ Enquiry എന്നിവിടങ്ങളിൽ സാമൂഹിക അകലം പാലിക്കുന്നുണ്ടോയെന്ന് സെക്യൂരിറ്റി ജീവനക്കാർ ഉറപ്പുവരുത്തേണ്ടതാണ്. പരമാവധി Online payment സംവിധാനം ഉപയോഗപ്പെടുത്താൻ ആവശ്യപ്പെടുകയും, Virtual ' Queue System ഉപയോഗപ്പെടുത്തുകയും വേണം.

(മറുപുറം)

Scanned with CamScanner

7.സർവകലാശാല/ക്യാമ്പസ് ലൈബ്രറികളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് യൂണിവേഴ്സിറ്റി ലൈബ്രേറിയൻ/ഡെപ്യൂട്ടി ലൈബ്രേറിയൻ ഉറപ്പുവരുത്തേണ്ടതാണ് .

8. സർവകലാശാല പഠനവകുപ്പുകളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് അതാതു വകുപ്പ് മേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്.

9. സർവകലാശാല ഹോസ്റ്റലുകളിൽ കോവിഡ് മാനദണ്ഡങ്ങൾ പൂർണമായി പാലിക്കുന്നുണ്ടോയെന്ന് വാർഡൻമാർ ഉറപ്പുവരുത്തേണ്ടതാണ്. ഹോസ്റ്റലിൽ കുട്ടികൾക്ക് പനിയോ ജലദോഷമോ ഉണ്ടെങ്കിൽ മെഡിക്കൽ ഓഫീസറുടെ സഹായത്തോടെ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് .

10. ലിഫ്റ്റിന്റെ ഉപയോഗം കഴിവതും ഒഴിവാക്കേണ്ടതാണ് . അത്യാവശ്യഘട്ടങ്ങളിൽ ഉപയോഗിക്കുന്ന പക്ഷം കോവിഡ് മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ് .

11. ഗസ്റ്റ് ഹൗസിൽ കോവിഡ് മാനദണ്ഡങ്ങൾ പൂർണമായും പാലിക്കുന്നുവെന്ന് കെയർടേക്കർമാർ ഉറപ്പുവരുത്തേണ്ടതാണ്

ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ എല്ലാവരും കർശനമായി പാലിക്കേണ്ടതാണ്.

രജിസ്ട്രാർ

പകർപ്പ്:

(1) വി .സി /പി. വി. സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
(2) രജിസ്ട്രാർ/ എഫ് .ഒ/ സി .ഇ / ഡി.പി .ഡി എന്നിവരുടെ പി .എ മാർക്ക്
(3) എല്ലാ വകുപ്പ് മേധാവികൾക്കും/പി.ആർ.ഒ (ഇൻ ചാർജ്ജ്)
(4) എല്ലാ ജെ .ആർ മാർക്കും/സെക്യൂരിറ്റി ഓഫീസർ /യൂണിവേഴ്സിറ്റി ലൈബ്രേറിയൻ/ ഡെപ്യൂട്ടി ലൈബ്രേറിയൻ
(5) കെയർടേക്കർ /ഹോസ്റ്റൽ വാർഡൻ
(6) അസിസ്റ്റന്റ് രജിസ്ട്രാർ (ക്യാഷ് കൗണ്ടർ )/എഡി ബി II
(7) സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി

Scanned with CamScanner